# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 178 | 04.02.2013 ലെ മറുപടിക്ക്

### കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. പി. ജയരാജൻ: | | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള നിർമ്മാണത്തിനായുള്ള പ്രോജക്ട് റിപ്പോർട്ട് പ്രകാരം വിമാനത്താവള നിർമ്മാണത്തിനും അനുബന്ധ സംവിധാനങ്ങൾക്കും ഭാവി വികസനത്തിനുമായി എത്ര സ്ഥലം വേണമെന്നാണ് കണക്കാക്കപ്പെടുന്നത്; | (എ) | 2005 ൽ തയ്യാറാക്കിയ TEFR അനുസരിച്ച് എയർപോർട്ടിനായി ഏകദേശം 1900 ഏക്കർ ഭൂമി നിർദ്ദേശിച്ചിരിക്കുന്നു. 2008 ൽ ജി.ഒ.(എം.എസ്) നം. 07/2008/ഗതാ പ്രകാരം 2200 ഏക്കർ ഭൂമി ഏറ്റെടുക്കാനായി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഇതിൽ എയർപോർട്ടിന് ആവശ്യമുള്ള ഭൂമി കൂടാതെ പുനരധിവാസത്തിനും KSEB സബ്സ്റ്റേഷനും ആവശ്യമുള്ള ഭൂമികൂടി ഉൾപ്പെടുത്തിയിരുന്നു. |
| (ബി) | ഒന്നാംഘട്ട ഭൂമി ഏറ്റെടുക്കലിലൂടെയും രണ്ടാംഘട്ട ഭൂമി ഏറ്റെടുക്കലിലൂടെയും ഇതിനോടകം എത്ര ഭൂമി ഏറ്റെടുത്തുവെന്ന് വ്യക്തമാക്കുമോ; | (ബി) | ഒന്നാംഘട്ടത്തിൽ 192.18 ഏക്കർ ഭൂമിയും രണ്ടാം ഘട്ടത്തിൽ 1085.75 ഏക്കർ ഭൂമിയും ഏറ്റെടുത്തുകഴിഞ്ഞു. |
| (സി) | മൂന്നാംഘട്ട ഭൂമി ഏറ്റെടുക്കൽ നടപടികളെല്ലാം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ; | (സി) | S.LE.C അനുമതിനൽകി. ഭൂഉടമകളുമായി ചർച്ചചെയ്ത് ജില്ലാകളക്ടർ വിലനിർണ്ണയം നടത്തുന്നു. |
| (ഡി) | ഇല്ലെങ്കിൽ മൂന്നാംഘട്ട ഭൂമി ഏറ്റെടുക്കൽ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്; | (ഡി) | ഈ ഘട്ടത്തിലുള്ള എല്ലാ ഭൂമിയും 2013 ഡിസംബർ 31 നകം ഏറ്റെടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഇ) | നാലാംഘട്ടത്തിൽ എത്ര ഭൂമിയാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നതെന്നും അതിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചോയെന്നും വ്യക്തമാക്കുമോ; | (ഇ) യും (എഫ്) ഉം | ഇന്റർഗ്രേറ്റഡ് പ്രൊജക്ട് കൺസൽട്ടന്റിൽ നിന്നും ഫൈനൽ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ മാത്രമേ കൂടുതൽ ഭൂമിവേണോ എന്നും, വേണമെങ്കിൽ അത് എത്രയാണെന്നും കണക്കാക്കുവാൻ കഴിയുകയുള്ളൂ. |
| (എഫ്) | നാലാംഘട്ട ഭൂമി ഏറ്റെടുക്കൽ എപ്പോൾ ആരംഭിച്ച് എപ്പോൾ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ